കൈതച്ചക്ക :

1. വിസ്തൃതി വർദ്ധിപ്പിക്കൽ.

2. കാർഷിക കയറ്റുമതി മേഖല വഴി കയറ്റുമതി പ്രോത്സാഹിപ്പിക്കൽ.

മരിച്ചീനി, മധുരക്കിഴങ്ങ്

കാർഷിക കയറ്റുമതിമേഖല വഴി കയറ്റുമതി പ്രോത്സാഹിപ്പിക്കൽ.

പയർ, എള്ള് :

1. നല്ലയിനം വിത്തുകളുടെ ഉല്പാദനവും വിതരണവും.

2. പ്രദർശനത്തോട്ടങ്ങൾ സംഘടിപ്പിക്കൽ.

3. കൃഷിക്കാർക്കുള്ള പരിശീലനം.

(സി) 2001-2002-ലെ സ്ഥിതിവിവര കണക്കനുസരിച്ച് നെല്ലിന്റെ ഉല്പാദന ക്ഷമത ഹെക്ടറിന് 2182 കിലോഗ്രാമാണ്.

(ഡി) നെൽ കർഷകർക്ക് ഒരു സീസണിൽ ഹെക്ടറിന് 350 രൂപ നിരക്കിൽ ഉല്പാദന ബോണസ് നൽകുന്നുണ്ട്.

(ഇ) ഗ്രൂപ്പ് ഫാമിംഗ് പദ്ധതിയിൽ പങ്കെടുക്കുന്ന കർഷകർക്ക് പ്രോത്സാഹനമായി ഹെക്ടറിന് 1,000 രൂപ നിരക്കിൽ ഇൻപുട്ട് സബ്സിഡി നൽകി വരുന്നു. 2003-2004-ൽ 65,000 ഹെക്ടർ സ്ഥലത്തിന് ഈ സബ്സിഡി നൽകാൻ ലക്ഷ്യമിട്ടിരിക്കുന്നു.

(എഫ്) ഓരോ കൃഷിഭവനുകളിലും നിലവിലുള്ള കാർഷികവികസന സമിതികളുടെ അംഗീകാരത്തോടെ യഥാർത്ഥ കർഷകർക്കാണ് ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നത്. കൂടാതെ സംസ്ഥാന, ജില്ലാ ബ്ലോക്ക് തലങ്ങളിലെ ഉദ്യോഗസ്ഥന്മാർ ധനസഹായം യാഥാർത്ഥ കർഷകർക്കാണോ നൽകുന്നതെന്ന് ഉറപ്പ് വരുത്താൻ ഇടയ്ക്കിടെ പരിശോധന നടത്തുന്നുമുണ്ട്.

ദേശീയ നീർമറി വികസന പദ്ധതി

56 (4095) ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര സർക്കാരിന്റെ ദേശീയ നീർമറി വികസന പദ്ധതി സംസ്ഥാനത്ത് എന്നുമുതലാണ് നടപ്പിലാക്കിയത് ; എന്താണ് ഇതിന്റെ പ്രധാന ലക്ഷ്യം ;

(ബി) ഈ പദ്ധതി ഇപ്പോഴും ഊർജ്ജിതമായി സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നുണ്ടോ ; ഇത് സംബന്ധിച്ച വിശദാംശങ്ങൾ നൽകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കേന്ദ്ര സർക്കാരിന്റെ ദേശീയ നീർമറി വികസന പദ്ധതി (എൻ.ഡബ്ല്യൂ.ഡി. പി. ആർ. എ) 1990-1991 (എട്ടാം പഞ്ചവൽസര പദ്ധതി) മുതലാണ് സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നത്.

പ്രകൃതി വിഭവങ്ങളുടെ സംരക്ഷണവും വികസനവും അവയുടെ ഉപയോഗമുൾപ്പെടെയുള്ള സ്ഥായിയായ പരിപാലനം, കാർഷികോല്പാദന ക്ഷമതയിലും കാർഷികോല്പാദനത്തിലും, സ്ഥായിയായ വർദ്ധന, മഴയെ ആശ്രയിച്ചു നിൽക്കുന്നതും, ദുർബ്ബലവും ക്ഷയിച്ചുകൊണ്ടിരിക്കുന്നതുമായ ആവാസ വ്യവസ്ഥകളിലെ പരിസ്ഥിതി സന്തുലനം വീണ്ടെടുക്കുന്നതിന് അനുയോജ്യമായ ഹരിതവൽക്കരണ നടത്തൽ, മഴയെ മാത്രം ആശ്രയിക്കുന്ന പ്രദേശങ്ങളും ജലസേചന സൗകര്യമുള്ള പ്രദേശങ്ങളും തമ്മിലുള്ള പ്രാദേശിക അന്തരം കുറയ്ക്കൽ, ഗ്രാമീണ ദരിദ്രവിഭാഗങ്ങൾക്ക് സ്ഥിരമായ തൊഴിലവസരങ്ങൾ സൃഷ്ടിക്കൽ തുടങ്ങിയവയാണ് ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ.

(ബി) ദേശീയ നീർമറി വികസന പദ്ധതി ഇപ്പോഴും (പത്താം പഞ്ചവത്സര പദ്ധതിയിൽ) ഊർജ്ജിതമായി സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു.

പത്താം പദ്ധതിയിൽ കേന്ദ്രത്തിൽ നിന്ന് 2001-2002-ൽ 200 ലക്ഷം രൂപയും 2002-2003-ൽ 400 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. മുൻകാല പരിപാടികളിൽ നിന്നുള്ള സാങ്കേതിക ജ്ഞാനവും പാഠങ്ങളും ഉൾക്കൊണ്ട് മഴയെ ആശ്രയിക്കുന്ന പ്രദേശങ്ങൾക്കായുള്ള നീർമറി വികസന പദ്ധതി ജനപങ്കാളിത്തത്തോടെ നടപ്പിലാക്കുന്നതിനായി പദ്ധതി സമഗ്രമായി പുനഃസംഘടിപ്പിച്ചിട്ടുണ്ട്. പുതിയ മാർഗ്ഗരേഖകൾ പ്രകാരം പദ്ധതിയുടെ മേൽനോട്ടം വാട്ടർഷെഡ് സമൂഹങ്ങൾ തന്നെ ഏറ്റെടുക്കണമെന്നുള്ളത് നിർബന്ധമാണ്. പദ്ധതി നടത്തിപ്പിനായി വിവിധ തലത്തിലുള്ള വാട്ടർഷെഡ്സ് കമ്മിറ്റികളും ശുപാർശ ചെയ്തിട്ടുണ്ട്. പത്താം പദ്ധതിയിൽ ദേശീയ നീർമറി വികസന പദ്ധതി 14 ജില്ലകളിൽ നടപ്പിലാക്കുന്നതിനായി 72032 ഹെക്ടർ പ്രദേശത്തായി 30 നീർമറികളാണ് തെരഞ്ഞെടുത്തിട്ടുള്ളത്.

പ്രകൃതിക്ഷോഭംമൂലം കൃഷിനഷ്ടപ്പെട്ടവർക്ക് നഷ്ടപരിഹാരം

57 (T4096) ശ്രീ. പി. ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2002-2003 വർഷം എറണാകുളം ജില്ലയിലെ ആലുവ താലൂക്കിൽപ്പെട്ട അങ്കമാലി മേഖലയിലെ വിവിധ കൃഷിഭവനുകൾവഴി പ്രകൃതിക്ഷോഭംമൂലം കാർഷിക വിളകൾ നഷ്ടപ്പെട്ടിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എത്ര തുകയുടെ നാശനഷ്ടമാണ് കണക്കാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(സി) കൃഷിനാശം സംഭവിച്ച കർഷകർക്ക് നഷ്ട പരിഹാരം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly